പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 121

# 2022-ലെ കേരളത്തിലെ ഭക്ഷണശാലകളിലെ വിലനിയന്ത്രണവും ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കലും ബിൽ

(ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 121

# 2022-ലെ കേരളത്തിലെ ഭക്ഷണശാലകളിലെ വിലനിയന്ത്രണവും ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കലും ബിൽ

(ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

780/2022.

# 2022-ലെ കേരളത്തിലെ ഭക്ഷണശാലകളിലെ വിലനിയന്ത്രണവും ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കലും ബിൽ

(ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന ഭക്ഷണശാലകളിലെ വിലനിലവാരം നിശ്ചയിക്കുന്നതിനും വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് വിവിധ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷണശാലകളിലെ വില നിലവാരത്തിലും ഗുണമേൻമയിലും ഉപഭോക്താക്കൾക്ക് അനുസൃതമായ രീതിയിൽ ഭക്ഷണ പദാർത്ഥങ്ങളുടെ വില നിശ്ചയിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഒരു നിയമം ഉണ്ടാകേണ്ടത് ആവശ്യമാകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തി മൂന്നാം സംവത്സരത്തിൽ ചുവടെ ചേർക്കും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന് 2022-ലെ കേരള ഭക്ഷണശാലകളിലെ വിലനിയന്ത്രണവും ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കലും ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇതിന് കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—(എ) "ഭക്ഷണശാലകൾ" എന്നാൽ സർക്കാർ നിയന്ത്രണത്തിലുള്ള ഹോട്ടലുകൾ, സർക്കാർ ഓഫീസ്/ പൊതുമേഖല സ്ഥാപനങ്ങളിലെ കാന്റീനുകൾ, ജ്യൂസ് പാർലറുകൾ സിനിമ തിയേറ്ററുകൾ, വലിയ മാളുകൾ എന്നിവിടങ്ങളിലെ ലഘു ഭക്ഷണശാലകൾ, തട്ടുകടകൾ, കുടുംബശ്രീ ഹോട്ടലുകൾ, ബാർഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഐസ്ക്രീം പാർലറുകൾ മുതലായവ എന്നർത്ഥമാകുന്നു;

(ബി) "ഹോട്ടലുകൾ" എന്നാൽ സ്റ്റാർ സൗകര്യങ്ങൾ ഉള്ളതോ, അല്ലാത്തതോ ആയ താമസസൗകര്യങ്ങൾ ഉള്ളതും താമസസൗകര്യങ്ങൾ ഇല്ലാത്തതുമായതും അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടും നിയന്ത്രണത്തോടും പ്രവർത്തിക്കുന്ന സസ്യ-സസ്യേതര ഭക്ഷണ ശാല എന്നർത്ഥമാകുന്നു;

(സി) " റെസ്റ്റോറന്റ്" എന്നാൽ താമസസൗകര്യങ്ങൾ ഇല്ലാത്തതും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടും നിയന്ത്രണത്തോടും പ്രവർത്തിക്കുന്ന സസ്യ- സസ്യേതര ഭക്ഷണശാല എന്നർത്ഥമാകുന്നു;

(ഡി) " സർക്കാർ ഹോട്ടലുകൾ" എന്നാൽ റസ്റ്റ് ഹൗസ്, ഗസ്റ്റ് ഹൗസ്, കെ.ടി.ഡി. സി. എന്നിവടങ്ങളിലെ ഭക്ഷണശാലകൾ, ജനകീയ ഹോട്ടലുകൾ എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ" എന്നാൽ കേരളസർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റ് പ്രകാരം ഗവൺമെന്റ് രൂപീകൃത ചട്ടങ്ങൾ എന്നർത്ഥമാകുന്നു;

(ജി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾ മൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഐ) "ജില്ലാകളക്ടർ" എന്നാൽ സംസ്ഥാനത്തെ ഏതൊരു ജില്ലയിലാണോ ആ ജില്ലയിലെ കളക്ടർ എന്നർത്ഥമാകുന്നു;

(ജെ) "തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഗ്രാമപഞ്ചായത്തും 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ടൗൺ അല്ലെങ്കിൽ ഒരു മുൻസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുൻസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(കെ) "ഹെൽത്ത് ഇൻസ്പെക്ടർ" എന്നാൽ ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കീഴിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നർത്ഥമാകുന്നു;

(എൽ) "ഫുഡ് സേഫ്റ്റി ഓഫീസർ" എന്നാൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള ഭക്ഷ്യസുരക്ഷാ ഓഫീസർമാർ എന്നർത്ഥമാകുന്നു;

(എം) "ജില്ലാതല വിലനിർണ്ണയ സമിതി" എന്നാൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ജില്ലാ സപ്ലൈ ഓഫീസർ കൺവീനറായും ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ, ജില്ലാ പഞ്ചായത്ത്/നഗരസഭകളിലെ ഉപാദ്ധ്യക്ഷർ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ/ ചെയർപേഴ്സൺ, നാമനിർദ്ദേശം ചെയ്യപ്പെട്ട കടയുടമകളുടെ പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന സമിതി എന്നർത്ഥമാകുന്നു.

3.ഭക്ഷണ പദാർത്ഥങ്ങളുടെ വിലയും അളവും ഏകീകരിക്കുന്നത് സംബന്ധിച്ച്.—(1) ഭക്ഷണശാലകളെ അവയുടെ പ്രവർത്തന രീതിക്കനുസരിച്ച് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ തരം തിരിക്കണം

(2) ഒരേ വിഭാഗത്തിൽ ഉൾപ്പെടുന്ന ഭക്ഷണശാലകളിലെ ഒരേ തരത്തിലുള്ള ഭക്ഷണത്തിന് ഏകീകൃത വിലയും ഏകീകൃത അളവിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(3) ഭക്ഷണശാലകളിൽ വിതരണം ചെയ്യുന്ന എല്ലാ ഭക്ഷണ പദാർത്ഥങ്ങളുടെ വില ഉപഭോക്താക്കൾക്ക് ദൃശ്യമാകുന്ന തരത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

(4) ഭക്ഷണ പദാർത്ഥങ്ങളുടെ വില വർദ്ധിപ്പിക്കുന്നതിന് ജില്ലാ വില നിർണയ സമിതികളുടെ അനുമതി ഓരോ കടയുടമയും തേടേണ്ടതാണ്.

4. നിശ്ചിത ഇടവേളകളിൽ ഭക്ഷണ ശാലകളിൽ പരിശോധന നടത്തൽ.—(1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ മുൻകൂർ അനുമതിയോട് കൂടി നിർണ്ണയിക്കപ്പെടാവുന്ന ഇടവേളകളിൽ ഭക്ഷണശാലകളിൽ പരിശോധന നടത്താവുന്നതാണ്.

(2) ക്രമക്കേടുകൾ കണ്ടെത്തുന്ന അവസരത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ സഹായത്തോടെ പ്രസ്തുത ഹോട്ടലുകളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(3) പിടിച്ചെടുത്ത ഭക്ഷണ പദാർത്ഥങ്ങൾ അക്രഡിറ്റഡ് ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കേണ്ടതാണ്.

(4) ഭക്ഷണശാലകളിൽ പരിശോധനയ്ക്ക് ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ആവശ്യമെങ്കിൽ പോലീസ് സഹായം ലഭ്യമാക്കേണ്ടതാണ്.

5. പ്രത്യേക ഭക്ഷ്യസുരക്ഷാ പരിശോധന.—ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകര വിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കുടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തേണ്ടതാണ്.

6. ഭക്ഷ്യവിഷബാധ പോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച്.—ഭക്ഷ്യവിഷബാധ പോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പ് ദ്രുതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടപ്പിലാക്കുക.

7. മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനം വിപുലപ്പെടുത്തുക.—പൊതുജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും, കുടിവെള്ളവും മറ്റ് ഭക്ഷ്യവസ്തുക്കളും പരിശോധിക്കുന്നതിനും ജില്ലകൾ തോറും ആവശ്യമായ എണ്ണം മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനം വിപുലപ്പെടുത്തുക.

8. ഭക്ഷണം പൊതിയാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളുടെ ഗുണനിലവാരം ഉറപ്പാക്കൽ.—ഭക്ഷണശാലകളിൽ പാഴ്സലുകൾ നൽകുന്നതിലേയ്ക്കായി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റിന്റെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും നിർണയിക്കപ്പെടാവുന്ന രീതിയിലുള്ള ഗുണമേന്മയുള്ള പ്ലാസ്റ്റിക് ഷീറ്റുകൾ മാത്രം ഉപയോഗിക്കാൻ അനുമതി നൽകേണ്ടതാണ്.

9. ഭക്ഷണശാലകളിലെ മുഴുവൻ തൊഴിലാളികൾക്കും ഹെൽത്ത് കാർഡ് സമ്പ്രദായം ഉറപ്പാക്കൽ.—ഭക്ഷണശാലകളിൽ ആഹാരം പാകം ചെയ്യുന്നവരും, ആഹാരപദാർത്ഥങ്ങൾ വിളമ്പുന്നവരും കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തി ഹെൽത്ത് കാർഡ് ധരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

10. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ:—(1) ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന് ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ്മൂലം ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതുമാണ്.

എന്നാൽ, ഈ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പു പ്രകാരം യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പു പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഓരോ ഉത്തരവും അത് പ്രസിദ്ധീകരിച്ചതിനുശേഷവും കഴിയുന്നത്ര വേഗം നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

11. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ

തുടർച്ചയായുള്ള സമ്മേളനത്തിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനങ്ങളോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ, ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബ്ബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങൾ

സംസ്ഥാനത്ത് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മറ്റു ഭക്ഷണശാലകൾ എന്നിവിടങ്ങളിൽ ഭക്ഷണ പദാർത്ഥങ്ങൾക്ക് ഒരു ഏകീകൃത വില സംവിധാനം നിലവിലില്ലാത്തതിനാൽ ഭക്ഷണശാലാ ഉടമകൾ യഥേഷ്ടം വില ചുമത്തി വരികയും ഉപഭോക്താക്കളെ കബളിപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ കബളിപ്പിക്കപ്പെടുന്ന ഉപഭോക്താക്കൾക്ക് നിലവിൽ പരാതിപ്പെടുവാനുള്ള ഒരു ഏകീകൃത സംവിധാനം നിലവിലില്ല. മാത്രമല്ല, വൃത്തിഹീനമായ സാഹചര്യങ്ങളിൽ ഭക്ഷണപദാർഥങ്ങൾ പാകം ചെയ്യുന്നതുമൂലവും വേണ്ടത്ര ആരോഗ്യസുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ ഹോട്ടലുകളിലും ഭക്ഷണശാലകളിലും അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നതുമൂലവും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന ഭക്ഷ്യ വിഷബാധയും ഇതുമായി കൂട്ടിച്ചേർക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഗുരുതരമായ സാഹചര്യം നിലനിൽക്കുന്ന അവസരത്തിൽ സംസ്ഥാനത്ത് ഭക്ഷണ പദാർത്ഥങ്ങൾക്ക് ഒരു ഏകീകൃത വില നിലവാര സമ്പ്രദായം കൊണ്ടുവരുന്നതിനും, ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഹോട്ടലുകളിലെ പാചകത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കുന്നതിനും, ഇടയ്ക്കിടെ ഉണ്ടാകുന്ന ഭക്ഷ്യവിഷബാധ ഉൾപ്പെടെയുള്ള സംഭവങ്ങൾ ഫലപ്രദമായി തടയുന്നതിനും വേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. സംസ്ഥാനത്ത് ആകെയുള്ള വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള വിവിധ പദ്ധതിക്ക് ചെലവഴിക്കുന്ന തുകയ്ക്ക് പുറമെ ഉദ്ദേശം അമ്പത് ലക്ഷം രൂപയുടെ പ്രാരംഭ ചെലവുകൾ സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുവാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനോ റദ്ദാക്കുവാനോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതുമായ കാര്യങ്ങൾക്കോ ആണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയാണ്.

പി. പി. ചിത്തരഞ്ജൻ, എം. എൽ. എ.